6873/D2/14/ഭപൊവിവ.

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2879

19.06.2014 ൽ മറുപടിക്ക്

**ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ നിരക്കിൽ അരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്ക് സൗജന്യ നിരക്കിൽ അരി നൽകുന്ന പദ്ധതി നിലവിലുണ്ടോ; എന്നാണ് ഇത് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; | (എ) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ അരി നൽകുന്ന പദ്ധതി നിലവിൽ ഉണ്ട്. 2011 സെപ്റ്റംബർ 1-ാം തീയതിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര കുടും ബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നുണ്ട്; ജില്ലാടിസ്ഥാന ത്തിൽ വിവരം നൽകുമോ; | (ബി) | ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന ബി.പി.എൽ, എ.എ.വൈ. കുടുംബങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്ന് പ്രത്യേകധനസഹായം ലഭി ക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട് ; വിശദമാക്കുമോ; | (സി) | ഇല്ല. പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി യതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ഒരു കിലോ അരി എത്ര രൂപയ്ക്കാണ് നൽകി വരുന്നത്; ഏതിനം അരി യാണ് നൽകിവരുന്നത്; വിശ ദാംശം ലഭ്യമാക്കുമോ? | (ഡി) | കിലോഗ്രാമിന് ഒരു രൂപാ നിരക്കിലാണ് പ്രസ്തുത പദ്ധതി പ്രകാരം അരി നല്കുന്നത്. എഫ്.സി.ഐ. പുഴുക്കലരി, പച്ചരി, മട്ട എന്നീ ഇനങ്ങളാണ് നല്കുന്നത്. മില്ലുകൾ ധാരാളമുള്ള എറണാകുളം ജില്ലയുടെ ചുറ്റുമുള്ള എട്ടുജില്ലകളിൽ ഒരു രൂപക്ക് മട്ട അരിയാണ് നല്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | റേഷൻ കാർഡുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 228543 |
| 2 | കൊല്ലം | 206451 |
| 3 | പത്തനംതിട്ട | 84389 |
| 4 | ഇടുക്കി | 174842 |
| 5 | ആലപ്പുഴ | 130771 |
| 6 | കോട്ടയം | 93062 |
| 7 | എറണാകുളം | 141512 |
| 8 | തൃശൂർ | 229070 |
| 9 | പാലക്കാട് | 147155 |
| 10 | മലപ്പുറം | 198430 |
| 11 | കോഴിക്കോട് | 173784 |
| 12 | വയനാട് | 74577 |
| 13 | കണ്ണൂർ | 127041 |
| 14 | കാസർഗോഡ് | 69530 |
| | **ആകെ** | **2079157** |

സെക്ഷൻ ഓഫീസർ